(3) ബില്ലിലെ അപാകത സംബന്ധിച്ച്

2018 ജൂൺ മാസം 20-ാം തീയതി നിയമനിർമ്മാണത്തിന്റെ പരിഗണനാവേളയിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നവർ നോമിനേഷനോടൊപ്പം സ്വത്ത് വിവരങ്ങൾ വരണാധികാരിക്ക് നൽകണമെന്ന് നിയമമുണ്ടെന്നും 59-ാം വകുപ്പനുസരിച്ച് ഒരംഗം സ്ഥാനമേറ്റെടുത്ത തീയതി മുതൽ 15 ദിവസത്തിനകം അയാളുടെ സ്വത്ത് വിവരങ്ങൾ കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതുണ്ടെന്നും പ്രസ്തുത വകുപ്പിലെ 4-ാം ഉപവകുപ്പ് അനുസരിച്ച് അപ്രകാരമുള്ള സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ലാത്തപക്ഷം 35-ാം വകുപ്പ് പ്രകാരം പഞ്ചായത്ത് അംഗമായി തുടരുന്നതിന് അർഹതയില്ലെന്നും നിലവിലെ അംഗങ്ങൾ 13-02-2017-ന് മുമ്പ് സ്റ്റേറ്റ്മെന്റ് നൽകേണ്ടതായിരുന്നുവെന്നും പ്രസ്തുത തീയതിക്കുശേഷം ഇവരെല്ലാം 35-ാം വകുപ്പ് അനുസരിച്ച് അയോഗ്യരായിക്കഴിഞ്ഞുവെന്നും സമയം ദീർഘിപ്പിച്ചുകൊണ്ട് ഓർഡിനൻസ് ഇറക്കിയത് 26-04-2018-ലാണെന്നും അയോഗ്യരായ ഇവർ 13-02-2017 മുതൽ 26-04-2018 വരെ പഞ്ചായത്ത് അംഗമായി തുടർന്നത് സാധൂകരിക്കുന്ന വ്യവസ്ഥ ഓർഡിനൻസിലോ ബില്ലിലോ ഇല്ലെന്നും അതുകൊണ്ടുതന്നെ കൃത്യമായി

സ്റ്റേറ്റ്മെന്റ് നൽകാതിരുന്നവർക്ക് ഈ ബിൽ അനുസരിച്ച് യാതൊരു പ്രയോജനവും ലഭിക്കില്ലെന്നും പൊതുപ്രവർത്തകനായ ഒരാൾക്ക് അയാൾ ചെയ്യേണ്ട കർത്തവ്യത്തിന് ഇത്രയും കാലാവധി നീട്ടിക്കൊടുക്കുന്നത് അനുചിതമാണെന്നും ഈ ഭേദഗതി കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്ന യാതൊരു ഫലവും ലഭിക്കില്ലെന്നും അതിനാൽ 2018 -ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പിൻവലിക്കാൻ സർക്കാർ തയ്യാറാകണമെന്നും ഒരംഗം തടസ്സവാദം ഉന്നയിക്കുകയുണ്ടായി.

സബ്ജക്ട് കമ്മിറ്റി പരിഗണിച്ചതിനുശേഷം ബില്ലിനെ സംബന്ധിച്ച് തടസ്സവാദം ഉന്നയിക്കുന്നത് ക്രമപ്രകാരമല്ലെന്നും ബിൽ അവതരിപ്പിക്കുന്ന സമയത്താണ് തടസ്സവാദം ഉന്നയിക്കേണ്ടിയിരുന്നതെന്നും അതുകൊണ്ട് തടസ്സവാദം നിലനിൽക്കുന്നതല്ലെന്നും ബില്ലിന് 12-11-2015 മുതൽ മുൻകാല പ്രാബല്യം നൽകി വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി. *

“ ബഹുമാനപ്പെട്ട അംഗം കെ. എം. മാണി ഉന്നയിച്ച തടസ്സവാദം

---

* XIV KLA/ XI Session Vol.172 Report No. 10 dated 20-6-2018

ബില്ലിന്റെ അവതരണ സമയത്താണ് ഉന്നയിക്കേണ്ടിയിരുന്നത്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം വന്ന ബില്ലിന്മേൽ സാധാരണഗതിയിൽ തടസ്സവാദം ഉന്നയിക്കുന്നത് ശരിയല്ലെന്ന മന്ത്രിയുടെ വാദം ശരിയാണ്. ഇവിടെ ഉന്നയിക്കപ്പെട്ട തടസ്സവാദം നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് മന്ത്രി വ്യക്തമാക്കുകയുണ്ടായി. മാത്രമല്ല ബില്ലിന് മുൻകാല പ്രാബല്യം നൽകിയിരിക്കുന്ന സാഹചര്യത്തിൽ നിയമതടസ്സമൊന്നുംതന്നെ കാണുന്നില്ല. ഈ സാഹചര്യത്തിൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു" .